"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന, പരേതനായ ശ്രീ.രമേശൻ ആശാരിയുടെ മകൾ കുമാരി.അക്ഷയ.ആർ.കെ.യ്ക്ക് തുടർ കുടുംബ പെൻഷൻ അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.471/2024/LBR തീയതി,തിരുവനന്തപുരം, 27-03-2024

---

പരാമർശം:- ട്രെയിനിംഗ് ഡയറക്ടറുടെ 11.09.2023, 17.01.2024 തീയതികളിലെ ഡി.ടി/1389/2023-എ1 നമ്പർ കത്തുകൾ.

**ഉത്തരവ്**

വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള കഴക്കൂട്ടം (വനിത) ഐ.ടി.ഐ.യിൽ ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന, പരേതനായ ശ്രീ.രമേശൻ ആശാരിയുടെ മകൾ കുമാരി.അക്ഷയ.ആർ.കെ.യ്ക്ക് ലഭിച്ചിരുന്ന ഫാമിലി പെൻഷൻ ടിയാൾക്ക് 11.01.2023 ൽ 25 വയസ്സ് പൂർത്തിയായതിനാൽ ലഭിക്കുന്നില്ല എന്നും കെ.എസ്.ആർ. പാർട്ട് III ചട്ടം 90 (6) & (7) പ്രകാരം അവിവാഹിതയായ ടിയാൾക്ക് പ്രതിമാസം ലഭിച്ചിരുന്ന ഫാമിലി പെൻഷൻ തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം 1-ലെ കത്തുകൾ പ്രകാരം ട്രെയിനിംഗ് ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. 25 വയസ്സ് കഴിഞ്ഞ അവിവാഹിതയായ പെൺമക്കളുടെ വിഭാഗത്തിൽ കുടുംബ പെൻഷന് അർഹത നേടി നിശ്ചിത സമയപരിധിയായ 3 വർഷത്തിനുള്ളിൽ കുമാരി അക്ഷയ ആർ.കെ. യോഗ്യത സർട്ടിഫിക്കറ്റ് സഹിതം കുടുംബ പെൻഷൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളതിനാലും, ലഭ്യമാക്കിയിരിക്കുന്ന വാർഷിക വരുമാന സർട്ടിഫിക്കറ്റ്, അവിവാഹിത സർട്ടിഫിക്കറ്റ്, മറ്റ് അനുബന്ധ രേഖകൾ എന്നിവയുടേയും അടിസ്ഥാനത്തിൽ കുമാരി അക്ഷയ ആർ.കെ.-യ്ക്ക് 25 വയസ്സ് പൂർത്തിയായ 11.01.2023 മുതൽ തുടർ കുടുംബ പെൻഷൻ അനുവദിക്കുന്നതിന് ട്രെയിനിംഗ് ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
അണ്ടർ സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
കുമാരി.അക്ഷയ.ആർ.കെ, തിരുവാതിര, വാഴോട്ടുകോണം, പേരൂർക്കട (ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (13.03.2024 തീയതിയിലെ 2569416/LBR-1/276/2023-FIN പ്രകാരം).

വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂ മീഡിയ) വകുപ്പ് (ഗവ. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Usharani L
Date: 29-03-2024 11:09:45

സെക്ഷൻ ഓഫീസർ